# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3143 18.06.2019-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ഭവനപുനരധിവാസ പദ്ധതി</u>**

| <u>ചോദ്യം</u><br>ശ്രീ.എം. മുകേഷ് | | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കൊല്ലം കോർപ്പറേഷനിലെ പള്ളിത്തോട്ടം ഡിവിഷനിലെ ക്യൂ.എസ്.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ ഭവന പുനരധിവാസ പദ്ധതിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | എ) | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-2019) -ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം കൊല്ലം ക്യൂ.എസ്.എസ്. കോളനിയിൽ 114 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് 10 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 1140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫ്ളാറ്റ് നിർമ്മാണം കൊല്ലം കോർപ്പറേഷൻ മുഖേനയാണ്. |
| ബി) പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കിയ പ്രോജക്ട് പ്രൊപ്പോസൽ തുടർ നടപടികൾക്കായി കൊല്ലം കോർപ്പറേഷന് നൽകിയിട്ടുണ്ട്. നിലവിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കേണ്ടതുണ്ട്. മാത്രവുമല്ല പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിന്റെ കൈവശം ആയതിനാൽ നിർമ്മാണ പ്രവർത്തനത്തിന് പെർമിസീവ് സാങ്ഷൻ ലഭിക്കേണ്ടതുമുണ്ട്. സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ഫ്ളാറ്റ് സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**